നെഗോഷ്യേറ്റഡ് പർച്ചേസ് രീതിയിൽ ഏറ്റെടുത്തു. കെ.എസ്.ഐ.ഡി.സി. ഭൂമി ഏറ്റെടുക്കുന്നതിനായി നാളിതുവരെ 15 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. കൺസൾട്ടന്റിനെ നിയമിക്കുകയും നാളികേര പാർക്കിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ടും മാസ്റ്റർ പ്ലാനും ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലം ഉടമ ഉയർന്ന നഷ്ടപരിഹാരത്തിനുവേണ്ടി ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും കോടതി 7-10-2015-ന് സ്ഥലം ഉടമയ്ക്ക് ഉയർന്ന നഷ്ടപരിഹാരം നൽകുവാൻ വിധി പ്രസ്താവിക്കുകയും ചെയ്തു. ഭൂമി ഏറ്റെടുക്കൽ നടപടികൾ സെക്ഷൻ 11(1) എൽ.എ. ആക്ട് അനുസരിച്ച് മൂന്ന് മാസത്തിനകം വീണ്ടും നടത്തുവാൻ കോടതി നിർദ്ദേശിച്ചു.

(ബി) ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പാർക്കിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

കേരളത്തിലെ വ്യവസായ സ്ഥാപനങ്ങൾ

228 (595) *ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് എത്ര വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്; വിശദമാക്കുമോ ;

(ബി) നിലവിൽ പ്രവർത്തിച്ചുവന്ന എത്ര സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട് ; എങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) കൈത്തറി മേഖലയിൽ 60 കൈത്തറി യൂണിറ്റുകളും ഖാദി മേഖലയിൽ 11,232 യൂണിറ്റുകളും ആരംഭിച്ചിട്ടുണ്ട്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ 39 യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കിൻഫ്ര, സിഡ്കോ എന്നിവയിൽ നിന്നുള്ള വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) ഖാദി മേഖലയിൽ 109 യൂണിറ്റുകൾ വിവിധ കാരണങ്ങളാൽ പ്രവർത്തനം നിലച്ചിട്ടുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കിൻഫ്ര, കെ.എസ്.ഐ.ഡി.സി., സിഡ്കോ എന്നിവയിൽ നിന്നുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly